# പതിമൂന്നാം കേരളനിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 762** — **07/02/2013 ൽ മറുപടിക്ക്**

**പെയിൻ & പാലിയേറ്റീവ് കെയർ പോളിസി**

| ചോദ്യം<br>ശ്രീ. ഇ. പി. ജയരാജൻ | മറുപടി<br>വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പെയിൻ & പാലിയേറ്റീവ് കെയർ പോളിസി നടപ്പിലാക്കിയിട്ടുണ്ടോയെന്നും എന്നു മുതലാണ് നടപ്പിലാക്കിയതെന്നും വ്യക്തമാക്കുമോ; | (എ) | ഉണ്ട്. 2008 ഏപ്രിൽ 15 മുതൽ പെയിൻ & പാലിയേറ്റീവ് കെയർ പോളിസി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പെയിൻ & പാലിയേറ്റീവ് കെയർ പോളിസിയുടെ നയരേഖയും മാർഗ്ഗ നിർദ്ദേശങ്ങളും അത് സംബന്ധിച്ച ഉത്തരവുകളും ലഭ്യമാക്കുമോ; | (ബി) | പെയിൻ & പാലിയേറ്റീവ് കെയർ പോളിസിയുടെ നയരേഖയും പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശങ്ങളും സംബന്ധിച്ച ഉത്തരവുകൾ അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു. |
| (സി) | ഇതനുസരിച്ച് സംസ്ഥാനത്ത് ഏതെല്ലാം സർക്കാർ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലുമാണ് പെയിൻ & പാലിയേറ്റീവ് ക്ളിനിക്കുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | പ്രത്യേകം ക്ലിനിക്കുകൾ ഇല്ലെങ്കിലും കമ്മ്യൂണിറ്റി മെഡിസിൻ, അനസ്തേഷ്യ വിഭാഗങ്ങളുടെ നേതൃത്വത്തിൽ പെയിൻ & പാലിയേറ്റീവ് ചികിത്സാ സൗകര്യം എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ലഭ്യമാണ്. പാലിയേറ്റീവ് പരിചരണ സംവിധാനങ്ങൾ ആരംഭിച്ചിട്ടുള്ള ജനറൽ/ ജില്ലാ/ താലൂക്ക് ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധം (ബി) ആയി ചേർത്തിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെ ഏതെങ്കിലും മെഡിക്കൽ കോളേജിൽ പെയിൻ & പാലിയേറ്റീവ് മെഡിസിൻ വകുപ്പ് രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ഡി) | പ്രത്യേക വകുപ്പായി രൂപീകരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | ഏറ്റവും നല്ല നിലയിൽ പെയിൻ & പാലിയേറ്റീവ് ക്ളിനിക്കുകൾ പ്രവർത്തിക്കുന്ന സർക്കാർ മെഡിക്കൽ കോളേജുകളിൽ പെയിൻ & പാലിയേറ്റീവ് വിഭാഗം രൂപീകരിക്കുവാനും പെയിൻ & പാലിയേറ്റീവ് വാർഡുകൾ തുറക്കുവാനും നടപടി സ്വീകരിക്കുമോ; | (ഇ) | ആരോഗ്യകേരളം പദ്ധതിയിലൂടെ എല്ലാ മെഡിക്കൽ കോളേജുകളിലും, പെയിൻ & പാലിയേറ്റീവ് ക്ളിനിക്കുകൾ തുടങ്ങുന്നതിനായി 2013-14 ലെ പി.ഐ.പി യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (എഫ്) | പെയിൻ & പാലിയേറ്റീവ് മേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളാണ് ഇപ്പോൾ നിർദ്ധന രോഗികൾക്കാവശ്യമായ ജീവൻരക്ഷാമരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എഫ്) | സർക്കാർ നിർദ്ധന രോഗികൾക്കാവശ്യമായ ജീവൻ രക്ഷാമരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. സന്നദ്ധസംഘടനകൾ വഴിയും സൗജന്യമായി മരുന്നുകൾ നൽകി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ജി) | അർബുദരോഗ ചികിത്സ നടത്തി, പാലിയേറ്റീവ് കെയർ ആവശ്യമായ രോഗികൾക്ക് മോർഫിൻ അടക്കമുള്ള വേദന സംഹാരി മരുന്നുകൾ, സർക്കാർ മെഡിക്കൽ കോളേജുകൾവഴി വിതരണം ചെയ്യുന്നില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ജി) & (എച്ച്) | ഇല്ല. മോർഫിൻ ഇഞ്ചക്ഷൻ ഒഴികെ മോർഫിൻ ടാബ് ലറ്റ് അടക്കമുള്ള വേദന സംഹാരി മരുന്നുകൾ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. |
| (എച്ച്) | എങ്കിൽ ഇത്തരം വേദന സംഹാരി മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന സർക്കാർ മെഡിക്കൽ കോളേജുകളിലും സർക്കാർ ആശുപത്രികളിലെ പെയിൻ & പാലിയേറ്റീവ് ക്ളീനിക്കുകളിലും രജിസ്റ്റർ ചെയ്യുന്ന രോഗികൾക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ? | | |

അനുബന്ധം ... ലഭ്യമാക്കി

സെക്ഷൻ ഓഫീസർ